# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 404 – 04/02/2020 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി

ചോദ്യം

ശ്രീ.കെ.ജെ. മാക്സി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി എന്തെന്നും മുൻസർക്കാർ പുറത്തിറക്കിയ ധവളപത്രത്തിലെ ആക്ഷേപങ്ങളിലെ പൊരുത്തക്കേടുകൾ എന്തെല്ലാമെന്നും നിലവിലെ ധനസൂചിക സംബന്ധിച്ച വിശദാംശങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; | ധനസൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ഓരോ വർഷത്തെയും ധനസൂചിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | |

(ശതമാനത്തിൽ)

| ഇനം | 2016-17 | 2017-18 | 2018-19 (RE) | 2019-20 (BE) |
|---|---|---|---|---|
| റവന്യൂ കമ്മി /ജി.എസ്.ഡി.പി | 2.51 | 2.46 | 1.68 | 1.00 |
| ധനകമ്മി/ ജി.എസ്.ഡി.പി | 4.29 | 3.91 | 3.06 | 3.00 |
| പ്രാഥമിക ധനകമ്മി/ ജി.എസ്.ഡി.പി | 2.33 | 1.71 | 1.04 | 1.04 |
| കടബാധ്യത/ ജി.എസ്.ഡി.പി | 30.25 | 30.69 | 30.49 | 30.21 |

മുൻ സർക്കാർ പുറത്തിറക്കിയ 2011 ലെ ധവളപത്രത്തിൽ ജി.എസ്.ഡി.പിയുടെ വളർച്ചാ നിരക്കിലാണ് പ്രധാനമായും പൊരുത്തക്കേട് ഉണ്ടായിട്ടുള്ളത്. 2004-05 വർഷത്തിൽ ജി.എസ്.ഡി.പിയിൽ 23.34 % വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് പ്രസ്തുത ധവളപത്രത്തിൽ അവകാശപ്പെട്ടിരുന്നത്. എന്നാൽ 1999-2000 ലെ വില സൂചിക (Series)

| | | |
|---|---|---|
| | | അടിസ്ഥാനപ്പെടുത്തിയാണ് 2003-04 വർഷത്തെ ജി.എസ്.ഡി.പി 96698 കോടിയായി കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം 2004-05 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി കണക്കാക്കിയാൽ 110260 കോടിയാകും. ഇതിന്റെ വളർച്ചാനിരക്ക് 14.02 % മാത്രമാണ്. ധവളപത്രത്തിൽ 2004-05 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പിയായ 119264 കോടി കണക്കാക്കിയിട്ടുള്ളത് 2004-05 വില സൂചിക (Series) അടിസ്ഥാനമാക്കിയാണ്. രണ്ട് വ്യത്യസ്ത വില സൂചികകളെ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ള ജി.എസ്.ഡി.പി ധവളപത്രത്തിൽ ഉൾപ്പെടുത്തിയതു കൊണ്ടാണ് 2003-04 നെ അപേക്ഷിച്ച് 2004-05 വർഷത്തിൽ ജി.എസ്.ഡി.പിയിൽ 23.34% വളർച്ച കൈവരിച്ചു എന്ന് സൂചിപ്പിക്കാൻ ഇടയാക്കിയിട്ടുള്ളത്. ആയതിനാൽ 2004-05 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പിയുടെ യഥാർത്ഥ വളർച്ചാ നിരക്ക് 14.02% ആണെന്ന് കാണാവുന്നതാണ്. ഇതനുസരിച്ച് 2004-05 ലെ ജി.എസ്.ഡി.പി അടിസ്ഥാനമാക്കിയുള്ള ധനസൂചകങ്ങളിലും പൊരുത്തക്കേട് ഉണ്ടായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തുണ്ടായ മൂലധന നിക്ഷേപക്കുതിപ്പും മുൻസർക്കാരിന്റെ കാലത്തുണ്ടായ മൂലധന നിക്ഷേപ തകർച്ചയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ അന്തിമകണക്കുകൾ പ്രകാരമുള്ള 2011-12 സാമ്പത്തിക വർഷം മുതൽ 2017-18 വരെയുള്ള മൂലധന ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |

(തുക കോടിയിൽ)

| വർഷം | മൂലധന ചെലവ് |
|---|---|
| 2011-12 | 3852.92 |
| 2012-13 | 4603.29 |
| 2013-14 | 4294.33 |
| 2014-15 | 4254.59 |
| 2015-16 | 7500.04 |
| 2016-17 | 10125.95 |
| 2017-18 | 8748.87 |

(ഡി) കേന്ദ്രസർക്കാർ സംസ്ഥാനത്തിന് വർഷംതോറും നൽകേണ്ട സാമ്പത്തിക വിഹിതം (ജി.എസ്.ടി. ഉൾപ്പെടെ) എത്രയെന്നും, അതിൽ ലഭ്യമായത് എത്രയെന്നും മുൻ വർഷം ലഭ്യമാകേണ്ടിയിരുന്ന കുടിശ്ശിക നാളിതുവരെ ലഭ്യമായോയെന്നും, ആയത് നേടിയെടുക്കാനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെന്നും വ്യക്തമാക്കാമോ?

കേന്ദ്രസർക്കാരിൽ നിന്ന് 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം (കേന്ദ്രനികുതി, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| ഇനം | ലഭിക്കേണ്ട തുക | ലഭിച്ച തുക |
|---|---|---|
| കേന്ദ്രനികുതി | 19038.17 | 19028.17 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1900.06 | 1614.12 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ഇനത്തിലുള്ള കുടിശ്ശിക ലഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കലാണ് ലഭിക്കേണ്ടത്. 2019 ഒക്ടോബർ മാസം മുതലുള്ള ഏകദേശം 1600 കോടി രൂപയുടെ നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**